# എൻെറ കൊറോണപ്പേടി

ഞങ്ങൾ വാർഷികത്തിനുള്ള ഡാൻസ് പഠിക്കുകയായിരുന്നു.പെട്ടെന്ന് ടീച്ചർ ക്ലാസിൽവന്നു പറഞ്ഞു അസംബ്ലിയുണ്ട് എല്ലാവരും വരൂ....

അസംബ്ലി തുടങ്ങി,ഹെഡ് മാസ്റ്റർ പറഞ്ഞു നാളെമുതൽ കുട്ടികൾ സ്കൂളിൽ വരേണ്ടതില്ല.നമ്മുടെ നാട്ടിൽ ഏതോ രോഗം പടരുന്നുണ്ട്എന്നും.കയ്യൊക്കെ നല്ലവണ്ണം കഴുകണമെന്നുമൊക്കെ.സ്കൂൾ വിട്ടു .സ്കൂൾ നേരത്തേ അടച്ച സന്തോഷത്തിൽ,ഞങ്ങൾ വീട്ടിലേക്കോടി.

ഒരു ദിവസം ഞാൻ കളിച്ചു കൊണ്ടിരിക്കുമ്പോളാണ് അത് കണ്ടത്,നിക്കറിൽ നിറയെ ടിവി യിൽ എന്തോപറ്റിപ്പിടിച്ചു. ഞാൻ എന്താണെന്നു നോക്കിയപ്പോ ...എന്റമ്മോ...ഞാൻ പേടിച്ചു കരഞ്ഞുകൊണ്ട് അമ്മയുടെ അടുത്തേയ്ക്കോടി.അമ്മ ചോദിച്ചു എന്തു പറ്റിയെന്ന്...ഞാൻ പേടിച്ചു വിറച്ചുകൊണ്ട് പറഞ്ഞു ...ടിവിയിൽ കാണുന്ന "കൊറോണ".അമ്മ പേടിച്ചു ഞാൻ അഴിച്ചിട്ട നിക്കറെടുത്ത് നോക്കി..പിന്നെ ചിരിച്ചുകൊണ്ട് ഏട്ടനേയും അച്ഛനേയും വിളിച്ചു. പേടിച്ചു നിൽക്കുന്ന എന്നെ നോക്കി അവരും ചിരിക്കാൻ തുടങ്ങി. കൊറോണയെ കണ്ടിട്ടെന്താ അമ്മ പേടിക്കാത്തതെന്നു ചോദിച്ചപ്പോ......അമ്മ പറഞ്ഞകാര്യം കേട്ട് ഞാനും ചിരിച്ചു.എന്താണെന്നോ.....നിക്കറിൽ പറ്റിപ്പിടിച്ചത് കൊറോണയല്ല അത് ഒരു ചെടിയുടെ കായയാണ്......"ഊരകക്കായ"

മഹിത്ത് ടി സജീവ്
ക്ലാസ്:ഒന്ന്
ജി എൽ പി എസ് പാലപ്പെറ്റ